എയ്ഡഡ് കോളേജുകൾ

11 (1085) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എയ്ഡഡ് മേഖലയിൽ എത്ര കോളേജുകൾ പ്രവൃത്തിക്കുന്നുണ്ട്; ഏതെല്ലാം സമുദായ മാനേജ്മെന്റുകൾക്ക് കീഴിൽ എത്ര കോളേജുകൾ വീതം പ്രവൃത്തിക്കുന്നു;

(ബി) എല്ലാ കോളേജുകളിലും കൂടി അനുവദിക്കപ്പെട്ട മൊത്തം തസ്തികകൾ എത്ര; മാനേജ്മെന്റുകൾക്ക് സർക്കാർ അനുവദിച്ച തസ്തികകളിലേക്ക് നിയമനം നടത്തുന്നതിന് ഏതെങ്കിലും നിലയിൽ ഉദ്യോഗാർത്ഥികളിൽ നിന്നും പണം വാങ്ങാൻ അനുവാദം നല്കിയിട്ടുണ്ടോ; നിയമന വ്യവസ്ഥകൾ വിശദമാക്കാമോ;

(സി) മാനേജ്മെന്റുകൾ നിയമനത്തിന് മുൻപും ശേഷവും ഉദ്യോഗാർത്ഥികളിൽ നിന്ന് നിയമനത്തിന് പണം വാങ്ങുന്നില്ലെന്ന് ഉറപ്പാക്കിയിട്ടുണ്ടോ;

(ഡി) നിയമ വിരുദ്ധമായി പണം വാങ്ങി നിയമനവും പ്രവേശനവും നടത്തിയ ഏതെങ്കിലും എയ്ഡഡ് മാനേജ്മെന്റിനെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ?

ഉത്തരം

(എ) 180 കോളേജുകൾ പ്രവർത്തിക്കുന്നുണ്ട്. (ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.)

(ബി) എല്ലാ കോളേജുകളിലും കൂടി അനുവദിക്കപ്പെട്ട ആകെ തസ്തികകളുടെ എണ്ണം ശേഖരിച്ച് നൽകുന്നതാണ്. ഉദ്യോഗാർത്ഥികളിൽ നിന്നും നിയമനത്തിന് പണം വാങ്ങുവാൻ അനുവാദം നൽകിയിട്ടില്ല. അദ്ധ്യാപക-അനദ്ധ്യാപക തസ്തികകളിൽ ഉണ്ടാകുന്ന ഒഴിവുകളിൽ സർക്കാർ പ്രതിനിധി ഉൾപ്പെടുന്ന സെലക്ഷൻ കമ്മിറ്റി അഭിമുഖം നടത്തി തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ നിയമനം നൽകുന്നു.

(സി) നിയമനങ്ങൾക്ക് പണം കൈപ്പറ്റുന്നതായി പരാതികളൊന്നും ലഭിച്ചിട്ടില്ല.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly